**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1729** **19-01-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ, എയിഡഡ് കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ടി . വി. രാജേഷ് | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 1. സംസ്ഥാനത്തെ സർവ്വകലാശാല കളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും പാഠ്യപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുകയുണ്ടായി. ബിരുദതല വിദ്യാഭ്യാസ തലത്തിലുള്ള ചോയിസ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം, ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകളും (GA) തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. 2. ക്രോസ്-ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 എന്ന പദ്ധതിയിലൂടെ യൂണിവേഴ്സിറ്റി/ കോളേജ് അധ്യാപകർക്ക് പരിശീലനം നൽകുന്നു. 3. ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ (FDC) ആരംഭിച്ചിട്ടുണ്ട്. 4. പ്രബുദ്ധത, എറുഡൈറ്റ്, ക്ലസ്റ്റർ കോളേജ് പദ്ധതികൾ, ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ, ബ്രെയിൻ ഗെയിൻ സമീപനം തുടങ്ങിയവ. 5. കൈരളി ഗവേഷണ പുരസ്കാരങ്ങൾ, ചാൻസിലേഴ്സ് അവാർഡ് തുടങ്ങിയവ. 6. ബിരുദങ്ങളുടെയും അക്കാദമിക് പ്രോഗ്രാമുകളുടെയും തുല്യത, അംഗീകാരം തുടങ്ങിയവ സംബന്ധിച്ച് പരാതികളും പ്രശ്നങ്ങളും തീർപ്പു കൽപ്പിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC). 7. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ രാജ്യത്തിനകത്തും പുറത്തു നിന്നുമുള്ള അക്കാദമിക വിദഗ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന 'Higher Education for the Future' എന്ന 'ബൈ-ആനുവൽ' ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു. 8. ഓപ്പൺ സർവ്വകലാശാല ആരംഭിക്കുകയുണ്ടായി. 9. |

സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും ലൈബ്രറികളെ കൂട്ടിയിണക്കി കേരള അക്കാഡമിക് ലൈബ്രറി നെറ്റ് വർക്ക് (KALNET) രൂപീകരിച്ചു. 10. സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E Journal Consortium) രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 11. കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ് സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം ഒരുക്കിയിട്ടുണ്ട്. 12. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടൻറ് ഡെവലപ് മെന്റ് സ്റ്റുഡിയോ (ORICE – Online Resources Initiatives of Collegiate Education) മുഖേന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 13. വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ള കോളേജുകളിൽ ടു വേ കമ്മ്യൂണിക്കേഷനിലൂടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈവ് സ്ട്രീമിംഗ് മുഖാന്തരവും വിദ്യാർത്ഥികൾക്ക് പ്രയോജനകരമാം വിധം Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish മുതലായ പഠന പരമ്പരകളിൽ ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നു. 14. Scholar Support Programme, Walk With Scholar, FLAIR (Fostering Linkages For Academic Innovation And Research, മുതലായവ. 15. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ BSNL ന്റെ സിംഗിൾ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് മുഖാന്തരം അതിവേഗ സ്റ്റേബിൾ ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുന്നു. 16. ആസ്പയർ സ്കോളർഷിപ്പ് പദ്ധതി തുടങ്ങി വിവിധ സ്കോളർഷിപ്പുകൾ. 17. വിദേശ സർവ്വകലാശാലകളെ പരിചയപ്പെടുത്തു ന്നതിനും വിദ്യാർത്ഥികൾക്ക് നേതൃത്വപാടവം ലഭിക്കുന്ന തിനുമായി കോളേജ് യൂണിയൻ പ്രതിനിധികൾക്കായി ലീഡ് പ്രോഗ്രാം നടത്തപ്പെട്ടു. 18. 'Jeevani – College Mental Awareness Programme' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 19. സെൻറർ ഓഫ് എക്സലൻസ് എന്ന പദ്ധതി, അക്കാദമിക്/ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, ലൈബ്രറി-ലബോറട്ടറി വികസനം തുടങ്ങിയ പദ്ധതികൾ. 20. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. 21. 40 സർക്കാർ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം

| | | | |
|---|---|---|---|
| | | | ഒരുക്കുന്നതിനും അടിസ്ഥാന സൌകര്യം പ്രദാനം ചെയ്യുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം തുക വിനിയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | കോളേജുകളിൽ നൂതനമായ കോഴ്സുകൾ ആരംഭിക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 05/11/2020-ലെ GO(MS)389/2020/HEDN, 11/12/2020-ലെ GO(MS)431/2020/HEDN, 30/12/2020-ലെ GO(MS)473/2020/HEDN എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ/ എയ്ഡഡ് കോളേജുകൾക്ക് നൂതന കോഴ്സുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, എയിഡഡ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ കോളേജുകളിൽ 375 അദ്ധ്യാപക തസ്തികകളും, എയ്ഡഡ് കോളേജുകളിൽ 753 അദ്ധ്യാപക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ